
● പുസ്തക പരിചയം

● ടി.വി. മുഹമ്മദലി




# ഇഖ്ബാലിനെ കണ്ടെത്തൽ

**‘കർമം ജീവിതത്തെ സ്വർഗമോ നരകമോ ആക്കുന്നു.**
**ഈ നശ്വരമനുഷ്യൻ സ്വയം ഒരു**
**മാലാഖയോ ചെകുത്താനോ അല്ല.**
**നിങ്ങൾ യഥാർത്ഥമായി ജീവിക്കുന്നുണ്ടെങ്കിൽ**
**സ്വന്തം ഒരു ലോകത്തെ കെട്ടിപ്പടുക്കുക,**
**സ്വന്തം സർഗാത്മകതയിലാണ്**
**മാനവരഹസ്യം കുടികൊള്ളുന്നത്’.**

സ്വത്വത്തെ തൊട്ടുണർത്തുന്ന മേൽ വരികൾ മഹാകവി ഇഖ്ബാലിന്റേതാണ്. ഇത്തരം ഉണർത്തുപാട്ടിലൂടെ കർമ്മോത്സുകത സൃഷ്ടിച്ച് ഭൂമിയിൽ സ്വർഗലോകം പണിയാൻ, ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിയാൻ, വിമോചകരാവാൻ, വിപ്ലവം സൃഷ്ടിക്കാൻ



പ്രചോദിപ്പിക്കുകയാണദ്ദേഹം. പക്ഷെ വിപ്ലവാവേശം അലതല്ലിയാൽ മാത്രം പോരാ, സ്വത്വബോധം സാത്വികതയാൽ പാകപ്പെട്ടത് കൂടിയാവണമെന്നാണുദ്ബോധനം: ‘സമൂഹത്തിന്റെ ജീർണത തുടച്ച് മാറ്റാനുള്ള ഫലവത്തായ മാർഗം വ്യക്തികളിൽ ആത്മദാർഢ്യം വളർത്തിയെടുക്കുകയെന്നതാണ്. അത്തരം വ്യക്തികൾക്കേ സമൂഹത്തിൽ പുതിയ മാനദണ്ഡങ്ങൾ അവതരിപ്പിക്കാനാവൂ. ജീവിതത്തിന്റെ ആഴം കണ്ടെത്താനും ആവൂ’ (The Reconstruction of Religious Thought in Islam, p.151).)

തത്വജ്ഞാനിയും കവിയും നിയമജ്ഞനുമായ അല്ലാമാ സർ ഡോ മുഹമ്മദ് ഇഖ്ബാലിനെ കണ്ടെത്താനുള്ള അന്വേഷണമാണ് ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് പ്രസിദ്ധീകരിച്ച ടി.കെ. അബ്ദുല്ലയുടെ ‘ഇഖ്ബാലിനെ കണ്ടെത്തൽ’. ‘1977-ൽ ഇഖ്ബാലിന്റെ ജന്മ ശതാബ്ദിയാഘോഷങ്ങൾ ലാഹോറിൽ നടക്കുകയുണ്ടായി. അതിൽ അദ്ദേഹത്തെക്കുറിച്ച പഠനങ്ങളുടെ ഒരു റിപ്പോർട്ടുണ്ട്. 1977 വരെ രണ്ടായിരത്തിൽ പരം പഠനങ്ങൾ നടന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഉർദു, ഇംഗ്ലീഷ്, പേർഷ്യൻ ഭാഷകളിലെ ഒരേകദേശ കണക്കാണിത്. 1977 ന് ശേഷമുള്ളതോ ഇതര ഭാഷകളിലുള്ളതോ ഈ കണക്കിൽ പെടുന്നില്ല’(പേ:28). എന്നാലും മലയാളത്തിൽ ഇഖ്ബാൽ വേണ്ടപോലെ പരിചിതനല്ല. ‘ടഗോറിനെ പരിചയപ്പെടുവാൻ ഒരുപാട് കാരണങ്ങളുണ്ടായിരുന്ന കേരളീയർക്ക് ഇഖ്ബാലിനെ അറിയാതിരിക്കാനാണ് കാരണങ്ങൾ ഉണ്ടായിരുന്നത്’ (എം.എൻ. വിജയൻ, ഇഖ്ബാൽ ഹൃദയത്തിലേക്കൊരു തീർത്ഥാടനം, പേ:8).

‘ആധുനിക ഇന്ത്യൻ തത്വചിന്തയിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച ദാർശനിക കവിയാണ് ഡോ. മുഹമ്മദ് ഇഖ്ബാൽ’ (K. Damodaran, Indian Thout, p.428).

ആധുനിക ഭാരതീയ ചിന്തയെ പുഷ്ടിപ്പെടുത്തുകയും ചെയ്തു അദ്ദേഹം. ഈ കവി, ദാർശനികൻ മാനവികതയെ ഊന്നിപ്പറഞ്ഞിട്ടുണ്ട്. മാനവികദർശനത്തിന് (Humanism) രണ്ടു മുഖങ്ങളുണ്ടല്ലോ. ദൈവ നിഷേധാടിത്തറയിൽ, മനുഷ്യ കേന്ദ്രീകൃതമാണൊന്ന്. രണ്ടാമത്തേത്, ദൈവികതയിലൂന്നി അതിന്റെ ശക്തിയും ചോദനയുമുൾക്കൊണ്ടുള്ള മനുഷ്യ പ്രധാനമാണ്. രണ്ടിന്റെയും ലക്ഷ്യം മനുഷ്യ പുരോഗതിയാണ്. രണ്ടു കൂട്ടരുടെയും കരുക്കൾ ശാസ്ത്രവും കലയും സാഹിത്യവും ഭൗതിക വിഭവങ്ങളും തന്നെ. എന്നാൽ, ദൈവവാദിമാനവികതക്കാർക്ക് ആത്മീയ ബലതന്ത്രവും മതമൂല്യങ്ങളും അധികമായുണ്ട്.

19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് ഹ്യൂമനിസം വേറിട്ടൊരാശയമായി പ്രചാരണം തുടങ്ങിയത്. യൂറോപ്യൻ നവോത്ഥാനത്തിന്റെ പേറ്റുനോവിൽ എഴുത്തുകാരും പണ്ഡിതന്മാരും 'ഹ്യൂമനിസം' ആദ്യമായി പ്രയോഗിക്കുകയായിരുന്നു. 'വാസ്തവത്തിൽ ഹ്യൂമനിസമെന്ന് പേരിട്ട് വിളിക്കുന്ന നവോത്ഥാന ചിന്ത, അതിന്റെ ആശയ പരമായ പ്രകാശനങ്ങൾ മാത്രമായി' (Agnes heller, Renaissance man, P.2). ഹ്യൂമനിസം പുലർന്നില്ലെന്നർത്ഥം. എന്നാൽ, മാനവികത, അതിന്റെ ആശയവും പ്രയോഗവും, പണ്ടേ പണ്ടുമുതൽ പ്രവാചകന്മാരിലൂടെയും തത്വജ്ഞാനികളിലൂടെയും മഹാ പുരുഷന്മാരിലൂടെയും പ്രചരിച്ചുപോന്നിട്ടുണ്ട്. വേറിട്ടൊരു ദർശനമായിട്ടല്ലാതെ തന്നെ.

ഇഖ്ബാലിന്റെ മാനവിക ദർശനം ഈശ്വരീയതയിലൂന്നിയതാണ്. വ്യക്തിസത്തയെ ഉദ്ദീപിപ്പിച്ചും വ്യക്തിയെ സാമൂഹികതയിൽ പ്രബലകണ്ണിയാക്കി ചേർത്തുമാണ് ബലതന്ത്രത്തിന്റെയും മാറ്റത്തിന്റെയും ചിന്ത അദ്ദേഹം അങ്കുരിപ്പിക്കുന്നത്. ഗ്രന്ഥകാരൻ അതിങ്ങനെ പരിചയപ്പെടുത്തുന്നു: 'കർമജീവിതമാണ് ഖുദിയുടെ (സ്വത്വത്തിന്റെ) പ്രയോഗതലം. കിടമത്സരത്തിലെ സമര വീര്യമാണത്. ജീവിതം പടവാളെങ്കിൽ ഖുദിമൂർച്ചയുള്ള വാൾത്തല. പ്രതിലോമ ശക്തികളോടും പ്രതികൂല സാഹചര്യങ്ങളോടും ധീരധീരം പൊരുതി നിൽക്കാൻ ഖുദി മനുഷ്യനെ പ്രാപ്തനാക്കുന്നു... ജീവിതപാതയിൽ ധീരന്മാരുടെ സമാരായുധങ്ങൾ മൂന്നായി ഇഖ്ബാൽ എണ്ണുന്നു. ഒന്ന്, സംശയമില്ലാത്ത വിശ്വാസ ദാർഢ്യം (യഖീൻ മുഹ്കം). രണ്ട്, കർമ വീര്യത്തിന്റെ നൈരന്തര്യം (അമൽ പൈഹം). മൂന്ന്, ലോകത്തെ ജയിക്കുന്ന സ്നേഹം (മുഹബ്ബത്ത് ഫാതിഹെ ആലം). ഈ സമരായുധങ്ങളേന്തി മത്സരിച്ച് മുന്നേറുന്നവനേ ജീവിതമുള്ളൂ. ദൗർബല്യമെന്ന പാപത്തിന്റെ ശിക്ഷ അകാലമരണമെന്നാണ് ഇഖ്ബാലിന്റെ വിധി' (പേ:59,60). 'എങ്ങനെയാണ് മാറ്റം? എന്താണ് വഴി? മാറ്റം അവനവനിൽ തുടങ്ങി അപരനിലേക്ക് പകരണം. വ്യക്തിയിലൂടെ വളർന്ന് സമൂഹത്തിലേക്ക് പടരണം. അടിമത്തത്തിന്റെ മനസ്സും അധമത്വത്തിന്റെ ശീലങ്ങളും മാറണം, മാറ്റണം. താനാരെന്നും തനിക്ക് മേലെ ഒരേ ഒരാളെന്നും തിരിച്ചറിയണം. അതാണ് ഖുദി. അവനാണ് ഖുദാ' (പേജ്:75,76).

ഇഖ്ബാൽ, ഒന്നാമത് കവിയും രണ്ടാമതാണ് ദാർശനികൻ എന്നും ചിലർ വാദിക്കുന്നു. അല്ല, ഒന്നാമത് ദാർശനികനും രണ്ടാമതാണ് കവിയെന്ന് മറ്റുചിലരും. തത്വജ്ഞാനവും കവിഭാവനയും സിദ്ധിയായുള്ള ഇദ്ദേഹം ഒന്നിന്റെ മുന്നിലും തന്റെ സർഗാത്മകത പണയം വെച്ചില്ല. സർഗ സ്വാതന്ത്ര്യം പരമ പ്രധാനമായിരുന്നു. ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യ സ്ഥാപിച്ചപ്പോൾ അതിന്റെ ആദ്യത്തെ വൈസ് ചാൻസലറായി ഗാന്ധിജി തെരഞ്ഞെടുത്തത് ഇഖ്ബാലിനെയായിരുന്നു. ഈ പദവി സ്വീകരിക്കാൻ അഭ്യർത്ഥിച്ച് അദ്ദേഹം എഴുതി: 'പ്രിയ ഡോ. ഇഖ്ബാൽ, മുസ്‌ലിം ദേശീയ സർവ്വകലാശാല താങ്കളെ വിളിക്കുകയാണ്. അതിന്റെ നേതൃത്വം താങ്കൾക്ക് ഏറ്റെടുക്കുവാൻ സാധിക്കുമെങ്കിൽ, താങ്കളുടെ സംസ്കാര സമ്പന്നമായ മാർഗദർശനത്തിൽ അത് തഴച്ച് വളരുമെന്നതിൽ എനിക്ക് സംശയമില്ല. അനുകൂലമായ പ്രതികരണം പ്രതീക്ഷിക്കുന്നു'. ഇഖ്ബാൽ ഈ ക്ഷണം ആദരപൂർവ്വം തന്നെ നിരസിക്കുകയായിരുന്നു. തന്റെ സർഗാത്മക സ്വാതന്ത്ര്യത്തിന് സ്ഥാപന പദവികൾ വിലങ്ങാവുമെന്ന് അദ്ദേഹം മനസ്സിലാക്കി. ലാഹോർ ഗവ. കോളജിൽ ഫിലോസഫിയുടെയും ഇംഗ്ലീഷിന്റെയും അധ്യാപകനായിരുന്നു ഇഖ്ബാൽ. സർക്കാർ ജോലി സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങൾക്ക് തടസ്സമാകുമെന്നതിനാൽ അതും അദ്ദേഹം ഉപേക്ഷിക്കുകയായിരുന്നു. സഹാധ്യാപകരും വിദ്യാർത്ഥികളും തീരുമാനം മാറ്റാൻ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം, എനിക്ക് എന്റെ ജനതയോട് പറയാൻ കുറെ സന്ദേശങ്ങളുണ്ട്, ഗവ. ജോലി അതിന് തടസ്സമാണെന്നായിരുന്നു. എന്നുമാത്രമല്ല, തന്റെ തത്വജ്ഞാനവും കവിഭാവനയും സ്വാർത്ഥത്തിനുള്ളതല്ലെന്ന് അദ്ദേഹം വിശ്വസിച്ചു. സർഗപ്രവർത്തനങ്ങൾക്ക് പ്രതിഫലം വാങ്ങിയിരുന്നില്ല. ജീവിക്കാനുള്ള വകക്ക് അഭിഭാഷക വൃത്തിയാണ് സ്വീകരിച്ചത്.

സ്വന്തം ദർശനത്തോടും ആദർശങ്ങളോടും പൂർണമായും സത്യസന്ധത പുലർത്തുന്ന ചിന്തകനെയാണ് നാം ഇവിടെ കാണുന്നത്. സ്വാതന്ത്ര്യത്തിന്റെ ശംഖ്നാദം മുഴക്കിയ അദ്ദേഹം ഒരു തരത്തിലുള്ള പാരതന്ത്ര്യവും അനുവദിച്ചില്ല. തന്റെ സർഗാത്മക സിദ്ധി ദൈവിക ദാനമാണെന്നതിനാൽ സാത്വികമായി, നിസ്വാർത്ഥമായി മാനവർക്ക് ദാനമാക്കി, അത്. ഇക്കാരണങ്ങളാലൊക്കെയാണ് ഇഖ്ബാൽ ചരമമടഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ ജീവിതത്തെ കൂടുതൽ നന്നായി മനസ്സിലാക്കിയവരിൽ ഒരാളായ രവീന്ദ്രനാഥടാഗോർ ഇങ്ങനെ പറഞ്ഞത്: 'ഇന്ന് ഭാരതത്തിന്റെ ആഗോള പദവി വളരെ ഇടുങ്ങിയതായിരിക്കുന്നു. ഇത്രയധികം സാർവത്രിക മൂല്യമുള്ള കാവ്യസൃഷ്ടി നടത്തിയ ഒരു മഹാകവിയുടെ നഷ്ടം സഹിക്കുവാൻ നമുക്ക് ശേഷിയില്ല'. ഇഖ്ബാൽ ചിന്തക്ക് വിവിധ മുഖങ്ങളുണ്ട്. സ്വാതന്ത്ര്യത്തിന്റെ, വിപ്ലവത്തിന്റെ, ജനാധിപത്യത്തിന്റെ, സോഷ്യലിസത്തിന്റെ,

ദേശീയതയുടെ, സാർവലൗകികതയുടെ...

ഇഖ്ബാലിനെ പരിഷ്കർത്താവായി, വിപ്ലവകാരിയായി, ധിക്കാരിയായി, സ്നേഹദൂതനായി, വിമോചകനായി ഒക്കെ കാണാൻ മാത്രം വിപുലമാണ് അദ്ദേഹത്തിന്റെ ദർശനവും ഭാവനയും ആശയ പ്രപഞ്ചവും. 'ഇഖ്ബാലിന്റെ ദാർശനിക പ്രപഞ്ചം വെട്ടിപ്പിടിക്കുക എളുപ്പമല്ല. ഉർദുവും പേർഷ്യനും ആഴത്തിൽ പഠിക്കാതെയും ഇസ്‌ലാമിക ദർശനങ്ങളിലും ചരിത്രത്തിലും മിത്തുകളിലും മുങ്ങിത്തപ്പാതെയും ഇഖ്ബാലിനെ കണ്ടെത്തുക ദുസ്സാധ്യം. എന്നാൽ, ഒരു സാമാന്യ സാധന അത്ര പ്രയാസമുള്ളതല്ല. ഏത് മഹദ്ദർശനങ്ങൾക്കും വിശ്വോത്തര സാഹിത്യ കലാശിൽപങ്ങൾക്കും പൊതുവായുള്ളതാണ് ഈ പരിമിതി. വിശുദ്ധ ഖുർആന്റെ കാര്യമിരിക്കട്ടെ, ഇതര വേദഗ്രന്ഥങ്ങളോ പാശ്ചാത്യ-പൗരസ്ത്യ ദർശനങ്ങളോ ഏതായാലും സാമാന്യ വായന ഒരുവിധം സാധ്യമായെന്നിരിക്കും. അതേ സമയം ആഴങ്ങളിലേക്കിറങ്ങുംതോറും അർത്ഥ തലങ്ങൾ വികസിച്ചും സങ്കീർമായും വരുന്നതായി അനുഭവപ്പെടും. ഇഖ്ബാൽ കവിതയാകട്ടെ, അതിന്റെ ശൈലീ വിലാസം കൊണ്ടും ആശയഗാംഭീര്യം കൊണ്ടും സവിശേഷം വേറിട്ടു നിൽക്കുന്നു' (പേ:29).

അഞ്ചാറു പതിറ്റാണ്ടു മുമ്പേതന്നെ ഇഖ്ബാൽ കൃതികൾ മലയാളത്തിൽ വന്നു തുടങ്ങിയിട്ടുണ്ട്. വക്കം അബ്ദുൽ ഖാദറാണ് ഇഖ്ബാലിന്റെ അസ്റാറെ ഖുദി ആത്മജ്ഞാനമെന്ന പേരിൽ മലയാളത്തിലാക്കിയത്. പേർഷ്യനിൽ നിന്നുള്ള സീക്രട്ട് ഓഫ് സെൽഫ് എന്ന ഇംഗ്ലീഷ് പരിഭാഷയുടെ വിവർത്തനമായിരുന്നു അത്. The Reconstruction of Religious Thought in Islam എന്ന കൃതി മതചിന്തകളുടെ പുനഃസംവിധാനം ഇസ്‌ലാമിൽ എന്ന പേരിൽ ഡോ. എ.എൻ.പി. ഉമ്മർ കുട്ടിയും വിവർത്തനം ചെയ്തു. ഇവരണ്ടും ദശാബ്ദങ്ങളായി വിൽപനയിലില്ല. ഇയ്യിടെ കവി പി.ടി അബ്ദുറഹ്മാൻ ഇഖ്ബാലിന്റെ ബാങ്കെ ദറാ എന്ന കാവ്യകൃതി മലയാള കാവ്യമാക്കിയിട്ടുണ്ട്. ഒ. ആബു ഇഖ്ബാലിന്റെ ഖിസ്റെ രാഹും മൊഴിമാറ്റം നടത്തിയിട്ടുണ്ട്. പിന്നെയുള്ളതെല്ലാം ഇഖ്ബാൽ പഠനങ്ങളാണ്. ഈ പഠനങ്ങളിൽ ഏറെ ശ്രദ്ധേയമാണ് ടി.കെയുടെ 'ഇഖ്ബാലിനെ കണ്ടെത്തൽ'.

ഇഖ്ബാൽ ദർശനത്തെ, കവിതകളുദ്ധരിച്ച് ആധികാരികമായിതന്നെ, എന്നാൽ വളരെ ഹ്രസ്വമായി അവതരിപ്പിക്കുകയാണ് ഗ്രന്ഥകാരൻ. പദങ്ങൾ സൂക്ഷ്മമായുപയോഗിച്ചുള്ള ഗ്രന്ഥകാരന്റെ ഭാഷ മനോഹരമാണ്. വിഷയത്തെ ഗൗരവമായി സമീപിച്ചത് പോലെതന്നെ ഭാഷയും കണിശമാണ്. പക്ഷെ ഗാംഭീര്യത്തോടൊപ്പം നർമവും തുളുമ്പുന്ന അദ്ദേഹത്തിന്റെ പ്രഭാഷണ മൊഴിയഴകിനെ ജയിക്കുന്നതായി തോന്നിയില്ല. 'വീക്ഷണങ്ങളുടെയും നിരീക്ഷണങ്ങളുടെയും ആധികാരികതക്ക് വേണ്ടിയാണ് ഉർദു-പേർഷ്യൻ മൂലകവിതകൾ എടുത്ത് ചേർക്കേണ്ടി വന്നത്. മലയാളിയുടെ വായനാ സൗകര്യത്തെ അൽപം അലോസരപ്പെടുത്തുമെങ്കിലും ഗൗരവപൂർവ്വമായ പഠനത്തിൽ ഇതൊഴിവാക്കാൻ പറ്റുമായിരുന്നില്ല' (പേ:14). എങ്കിലും റഫറൻസ് കൂടി ചേർക്കാമായിരുന്നു. കനപ്പെട്ട ഈ കൊച്ചു കൃതി ഇഖ്ബാൽ പ്രേമികൾക്കെന്നല്ല, തത്വചിന്തയിലും കവിതയിലും ആത്മീയ-രാഷ്ട്രീയ-സാമൂഹിക കാര്യങ്ങളിലുമൊക്കെ തൽപരരായവർക്ക് ഇതൊരു മനനപ്രധാനമാണ്. ഗൗരവമാർന്ന വായനയൊരുക്കിയ ഈ കൃതിയുടെ പേജുകൾ മറിച്ചു തുടങ്ങുമ്പോൾ തന്നെ അനുഭവപ്പെടുന്ന അക്ഷരത്തെറ്റുകളുടെ കല്ലുകടി അലോസരം തന്നെ. അർത്ഥം അനർത്ഥമാക്കിക്കളയുന്ന തെറ്റുകൾക്ക് പ്രൂഫ്റീഡർ മാപ്പർഹിക്കുന്നില്ല.

'ഇഖ്ബാൽ ഒരു കരകാണാകടലാണ്. അതിന്റെ ആഴവും പരപ്പും അളന്നു തിട്ടപ്പെടുത്തുക പ്രയാസം. കടൽ എന്താണെന്ന് ഈ കൃതിയിലുണ്ട്. കടലിൽ എന്തെല്ലാമാണെന്ന് എണ്ണിത്തീർക്കുന്നില്ല. എന്നാൽ വിലപ്പെട്ട ചിലതെല്ലാം ഉണ്ട് താനും. ചില പ്രധാന ശീർഷകങ്ങൾ കൂടി ചർച്ചയിൽ വരേണ്ടതുണ്ടായിരുന്നു. ആയുസ്സും ആരോഗ്യവും അനുവദിച്ചെങ്കിൽ അത് സംഭവിക്കാം -ഇൻശാ അല്ലാഹ്' (പേ:13).

ഇഖ്ബാലിന്റെ കവിതകളിലൂടെയാണ് ഗ്രന്ഥകാരൻ നിരീക്ഷണങ്ങളും കണ്ടെത്തലുകളും നടത്തിയിട്ടുള്ളത്. തീർച്ചയായും തത്വചിന്ത നിറഞ്ഞുനിൽക്കുന്നതാണ് ഇഖ്ബാൽ കവിതകൾ. എന്നാൽ, അദ്ദേഹത്തിന്റെ ദർശനസമഗ്രതയും സമർത്ഥനവും ഗദ്യകൃതികൾ കൂടി അവലംബിക്കുമ്പോഴേ കൂടുതൽ സ്പഷ്ടവും സംപുഷ്ടവുമാകൂ. The Reconstruction of Religious Thought in Islam, The Devlopment of Metapaysics in Persia എന്നീ രണ്ടു കൃതികളാണ് ഇഖ്ബാലിന്റെ ദാർശനിക കൃതികൾ. ഇതിൽ ഒന്നാമത്തേത് ലോകപ്രസിദ്ധമാണ്. 'ഇതിൽ ഒരു വിശ്വോത്തര ദാർശനികൻ എന്ന നിലയിലുള്ള ഇഖ്ബാലിന്റെ വ്യക്തിമുദ്ര മുഴച്ചുനിൽക്കുന്നുണ്ട്. നീഷെ, ബർഗസൺ, ഐൻസ്റ്റൈൻ, ബർട്രണ്ട് റസ്സൽ തുടങ്ങിയ ആധുനിക ശാസ്ത്രജ്ഞന്മാരുടെയും ദാർശനികന്മാരുടെയും വീക്ഷണങ്ങളെ വിമർശന ബുദ്ധ്യാ സമീപിക്കുകയും, ആസ്തികൃചിന്തയുടെ വീക്ഷണകോണിലൂടെ ഇവയെല്ലാം വിലയിരുത്തുകയുമാണ് ഇഖ്ബാൽ ഈ കൃതിയിൽ' (ഡോ. എൻ.പി ഉമ്മർ കുട്ടി, മതചിന്തകളുടെ പുനസംവിധാനം ഇസ്‌ലാമിൽ, പേ: 8) പഠനങ്ങളുടെയും യുക്തിയുടെയും വസ്തുക്കളുടെയും അടിസ്ഥാനത്തിൽ ദാർശനികമായ ഖണ്ഡന-മണ്ഡനങ്ങളാണ് ആ കൃതിയിൽ. അതിനാൽ, ടി.കെ തന്റെ കൃതി വിപുലമാക്കുമ്പോൾ ഇഖ്ബാലിന്റെ ദാർശനിക ഗദ്യ രചനയായ ആ ഗ്രന്ഥം കൂടി അപഗ്രഥിക്കുമെന്ന് പ്രത്യാശിക്കുന്നു.

ഡോ.പി.കെ പോക്കർ തന്റെ പ്രൗഢമായ ആമുഖത്തിലെഴുതി: 'ഇഖ്ബാൽ കവിതകളുടെ ആശയ പ്രപഞ്ചത്തെ ദാർശനികമായി സമീപിക്കുന്ന ടി.കെ അബ്ദുല്ലാസാഹിബ് എന്തുകൊണ്ടും ആരോഗ്യകരമായ ഒരു പ്രവർത്തനമാണ് നിർവഹിച്ചിരിക്കുന്നത്. മനോഹരമായ ഇഖ്ബാൽ കവിതകളുടെ ആഴവും പരപ്പും മലയാളികൾക്ക് പരിചയപ്പെടുത്താൻ അദ്ദേഹം കാണിച്ച സന്നദ്ധത തീർച്ചയായും അഭിനന്ദനാർഹമാണ്' (പേ:12).